6. കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ ഹാജിറ എന്ന യുവതിയുടെ തിരോധാനം

ശ്രീ. പി. ശങ്കരൻ: എന്റെ നിയോജകമണ്ഡലമായ കൊയിലാണ്ടിയിലെ പയ്യോളിയിൽ മേലേകതിരാറ്റിയിൽ ഹാജിറ എന്ന യുവതിയുടെ തിരോധാനവും അവരുടെ രണ്ട് കുട്ടികളുടെ ദുരൂഹ സാഹചര്യത്തിലുണ്ടായിട്ടുള്ള മരണവുമാണ് വിഷയം. ഇതിന്റെ പിന്നിൽ അന്തർസംസ്ഥാന ബന്ധമുള്ള മയക്കുമരുന്നു റാക്കറ്റിന്റെയും സെക്സ് റാക്കറ്റിന്റെയും കൈകളുള്ളതായി സംശയിക്കുന്നു. കേരള, കർണ്ണാടക, മഹാരാഷ്ട്ര പോലീസുകാർ ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തിവരികയാണ്. ഈ വിഷയത്തിന്റെ ഗൗരവവും വ്യാപ്തിയും സങ്കീർണ്ണതകളും കണക്കിലെടുത്ത് അന്തർസംസ്ഥാന ബന്ധമുള്ളതായതുകൊണ്ട് സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട മെമ്പർ ഇന്ന് രാവിലെയാണ് ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയത്. അതുകൊണ്ടുതന്നെ വിശദമായ അന്വേഷണം നടത്താൻ സാധിച്ചില്ല. പക്ഷേ, നടന്ന സംഭവം വളരെ ഗൗരവമുള്ളതാണ്. സ്ത്രീയും രണ്ടു കുട്ടികളും അപ്രത്യക്ഷരാവുകയും രണ്ടു കുട്ടികളുടെ മരണം സംഭവിക്കുകയും അതുകഴിഞ്ഞ് സ്ത്രീ തിരിച്ചു വരുകയും ചെയ്തു. അത് പോലീസ് അന്വേഷിക്കും. അതിന് മറ്റ് സ്റ്റേറ്റുകളുമായി ബന്ധമുണ്ടെങ്കിൽ അവിടെ പോലീസ് അന്വേഷിച്ച് കുറ്റക്കാരെ കണ്ടുപിടിക്കാനും നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനും വേണ്ട നടപടികൾ സ്വീകരിക്കും. സി.ബി.ഐ. അന്വേഷണം ആവശ്യമുണ്ടോ ഇല്ലയോ എന്നുള്ളത് ഇപ്പോൾ പറയാൻ സാധിക്കില്ല. സംസ്ഥാന പോലീസിന്റെ നിയന്ത്രണത്തിനതീതമായിട്ടല്ലെങ്കിൽ, മറ്റ് സംസ്ഥാനങ്ങളിൽ നടന്ന കുറ്റകൃത്യമാണെങ്കിൽ അക്കാര്യം പരിശോധിച്ച് തീരുമാനം എടുക്കുന്നതാണ്.

7. തണ്ണീർമുക്കം-ആലപ്പുഴ റോഡിന്റെ ശോച്യാവസ്ഥ

ഡോക്ടർ തോമസ് ഐസക്: സംസ്ഥാന ടൂറിസം വികസനത്തിൽ വളരെ പ്രധാനപ്പെട്ട സ്ഥാനം ഇന്ന് കൊച്ചി-തേക്കടി-ആലപ്പുഴ ത്രികോണത്തിനുണ്ട്. അതുകൊണ്ട് സർക്കാർ ഈ മേഖലയുടെ പശ്ചാത്തല സൗകര്യ വികസനത്തിൽ പ്രത്യേക ശ്രദ്ധ പതിപ്പിക്കുന്നുണ്ട്. എന്നാൽ ഇതുവരെ അവഗണിക്കപ്പെട്ടിരുന്ന പ്രധാനപ്പെട്ട റോഡാണ് ആലപ്പുഴ-തണ്ണീർമുക്കം റോഡ്. നെടുമ്പാശ്ശേരിയിൽനിന്നും തേക്കടിയിലേയ്ക്കുള്ള പുതിയ പാതയിലെ പ്രധാനപ്പെട്ട ലിങ്ക് റോഡാണ്. എന്നാൽ യാതൊരു വീതിയില്ല, കലുങ്കുകൾക്ക് ബലക്ഷയമുണ്ട്. മുഹമ്മ ജംഗ്ഷനിൽ ഗതാഗതക്കുരുക്കാണ്. ടൂറിസം വികസനത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഈ റോഡിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ബഹുമാനപ്പെട്ട ടൂറിസവും ദേവസ്വവും വകുപ്പു മന്ത്രി നടപടി എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly